## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4370** **01-07-2024 - ൽ മറുപടിയ്ക്ക്**

## ജി.എസ്.ടി. വകുപ്പിന്റെ നികുതി നിർണ്ണയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ ടാക്സ്പേയർ സർവ്വീസിലെ ഉദ്യോഗസ്ഥർക്ക് ഫയലുകൾ സ്വമേധയാ പരിശോധിച്ച് നികുതി നിർണ്ണയം നടത്തുവാൻ അധികാരമുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കമ്മീഷണറുടെ 08-01-2023 തീയതിയിലെ സർക്കുലർ നമ്പർ 5/2023, 6/2023 എന്നിവ പ്രകാരം ടാക്സ് പെയർ സർവീസസ് വിഭാഗത്തിലെ പ്രോപ്പർ ഓഫീസർമാർക്ക് നികുതിദായകർ ഫയൽ ചെയ്യുന്ന റിട്ടേണുകളും മറ്റു സ്റ്റേറ്റ്മെന്റുകളും സ്കൂട്ടിനി നടത്തുവാനും തുകയുടെ അടിസ്ഥാനത്തിൽ അഡ്ജ്യൂഡിക്കേഷൻ പൂർത്തിയാക്കി നികുതി നിർണ്ണയം നടത്തുവാനുമുള്ള അധികാരമുണ്ട്. |
| (ബി) | നിലവിൽ കേന്ദ്രീകൃതമായി നൽകുന്ന ഫയലുകളിലുള്ള പൊരുത്തക്കേടുകൾക്ക് മാത്രം നോട്ടീസ് നൽകി നികുതി നിർണ്ണയം യാന്ത്രികമായി ചെയ്തു തീർക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത രീതിക്ക് മാറ്റം വരുത്തി കേന്ദ്രീകൃതമായി നൽകുന്ന ഫയലുകൾക്ക് പുറമേ സ്വമേധയാ ക്രമക്കേടുകൾ കണ്ടെത്തി നികുതി നിർണ്ണയം നടത്തി നഷ്ടപ്പെട്ട നികുതി തിരികെ പിടിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കമ്മീഷണറുടെ 08-01-2023 തീയതിയിലെ സർക്കുലർ നമ്പർ 5/2023, 6/2023 എന്നിവ പ്രകാരം ടാക്സ്പെയർ സർവീസസ് വിഭാഗത്തിലെ പ്രോപ്പർ ഓഫീസർമാരെ നികുതിദായകർ ഫയൽ ചെയ്യുന്ന റിട്ടേണുകളും മറ്റു സ്റ്റേറ്റ്മെന്റുകളും സ്കൂട്ടിനി നടത്തുവാനും തുകയുടെ അടിസ്ഥാനത്തിൽ അഡ്ജ്യൂഡിക്കേഷൻ പൂർത്തിയാക്കി നികുതി നിർണ്ണയം നടത്താനും അധികാരപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പുതുതായി നിലവിൽ വന്ന ഇന്റലിജൻസ് വിഭാഗം 20 ലക്ഷം രൂപക്ക് മുകളിൽ നികുതി വെട്ടിപ്പ് നടത്തുന്ന സ്ഥാപനങ്ങളെ മാത്രമേ പരിശോധനക്ക് പരിഗണിക്കാവൂ എന്ന തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | നികുതി വെട്ടിപ്പ് പെരുകിയ സാഹചര്യത്തിൽ സംസ്ഥാന വ്യാപകമായി ഒരു സമഗ്ര പരിശോധന നടത്തി നിലവിൽ രജിസ്ട്രേഷൻ എടുക്കേണ്ടവയായിട്ടും എടുക്കാത്ത സ്ഥാപനങ്ങളേയും വ്യക്തികളേയും കൂടി നികുതി വലയത്തിനുള്ളിൽ ആക്കുവാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (ഡി) | നികുതി വെട്ടിപ്പ് തടുക്കുക എന്നത് ഒരു തുടർപ്രക്രിയ ആണ്. ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗം സംസ്ഥാനത്തുടനീളം നിരന്തരം നടത്തിവരുന്ന ഫീൽഡ് സർവ്വേയിലൂടെയും മറ്റ് സ്രോതസ്സുകളിലൂടെയുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലും വാർഷിക വിറ്റുവരവ് പരിധി കഴിഞ്ഞിട്ടും രജിസ്ട്രേഷൻ എടുക്കാതെ വ്യാപാരം നടത്തുന്നവരെ കണ്ടെത്തി രജിസ്ട്രേഷൻ |

| | | | |
|---|---|---|---|
| | | | എടുപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | നിലവിൽ കോമ്പോസിഷൻ സ്കീമിൽ നികുതി ഒടുക്കുന്ന വിഭാഗത്തിൽ ഭൂരിഭാഗവും പ്രസ്തുത സ്കീമിന്റെ പരിധിയായ 1.5 കോടി രൂപാ അധികരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഇ) | ഇത്തരത്തിലുള്ള വെട്ടിപ്പ് കണ്ടെത്തിയാൽ നടപടി സ്വീകരിക്കും. |
| (എഫ്) | പഴയ നികുതി നിയമങ്ങളിൽ പിരിഞ്ഞ് കിട്ടാനുള്ള 13,000 കോടി രൂപ പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ? | (എഫ്) | നികുതി കുടിശ്ശിക പിരിക്കുന്നത് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഡിപ്പാർട്ട്മെന്റിന്റെ പുനഃസംഘടനയുമായി ബന്ധപ്പെട്ട് എല്ലാ ജില്ലയിലും ഒരു പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ടി വിഭാഗം കുടിശ്ശികകൾ പിരിക്കുന്നതിനുള്ള ഊർജിത നടപടികൾ സ്വീകരിച്ചുവരുന്നു. റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. ജി.എസ്.ടി. ക്ക് മുൻപ് നിലവിലുണ്ടായിരുന്ന നിയമങ്ങളിൽ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി വിവിധ വർഷങ്ങളിൽ ആംനസ്റ്റി പദ്ധതിയും നടപ്പാക്കിയിരുന്നു. കൂടാതെ, 2024-25 വർഷത്തേക്കുള്ള സംസ്ഥാന ബഡ്ജറ്റിൽ പുതിയൊരു ആംനസ്റ്റി പദ്ധതി കൂടി പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ